**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ പൈതൽമല, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, പാലക്കയംതട്ട്, ശശിപ്പാറ, കാഞ്ഞിരക്കൊല്ലി, അളകാപുരി വെള്ളച്ചാട്ടം എന്നിവയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പൈതൽമല വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമാണ്. അവിടെ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഏഴരക്കുണ്ട് വെള്ളച്ചാട്ടം, ട്രക്കിംഗ് പാത എന്നിവയുമായി ബന്ധപ്പെട്ട രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികൾ വാപ്കോസ് എന്ന ഏജൻസി മുഖാന്തിരം പുരോഗമിക്കുന്നു. പാലക്കയം തട്ടിൽ മിയാവാക്കി വനം ഒരുക്കാൻ പദ്ധതിയിട്ടിരുന്നുവെങ്കിലും പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യ മല്ലാത്തതിനാൽ ഉപേക്ഷിക്കുകയുണ്ടായി. ശശിപ്പാറയിൽ നിലവിൽ ടൂറിസം പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല. കാഞ്ഞിരക്കൊല്ലി / അളകാപുരി പ്രദേശത്ത് ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി ആരംഭിച്ചുവെങ്കിലും പദ്ധതിയുൾപ്പെടുന്ന സ്വകാര്യ ഭൂമിയുടെ റിലിംഗ്വിഷമെന്റ് നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിനോദസഞ്ചാര വകുപ്പിന്റെയോ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയോ നേതൃത്വത്തിൽ ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ